## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2157 — 06.02.2019 ൽ മറുപടിക്ക്

### ആരോഗ്യനയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ടി.ബൽറാം<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, കെ.എസ്.ശബരീനാഥൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാന സർക്കാരിന്റെ ആരോഗ്യനയം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) | 21.08.2019 ലെ സ.ഉ (കൈ)നം.20/2019/ആ.കു.വ പ്രകാരം സംസ്ഥാന ആരോഗ്യ നയം അംഗീകരിച്ചു. |
| (ബി) | ആരോഗ്യവകുപ്പിലെ മോഡേൺ മെഡിസിന് കീഴിൽ മൂന്ന് ഡയറക്ടറേറ്റുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br>1. ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത്<br>2. ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവീസസ്<br>3. ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ<br>ആരോഗ്യവകുപ്പിലെ ഡോക്ടർമാരെ മൂന്ന് കേഡറുകളിലായി വിഭജിക്കപ്പെടും. പ്രാഥമിക, സാമൂഹിക, ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരും ഭരണപരമായ തസ്തികകളായ ജില്ല മെഡിക്കൽ ഓഫീസർ, അസി. ഡയറക്ടർമാർ, വിവിധ പൊതുജനാരോഗ്യ പരിപാടികളുടെ ഡയറക്ടർമാർ എന്നിവരുൾപ്പെടുന്ന ഡോക്ടർമാരും പബ്ലിക് ഹെൽത്ത് കേഡറിൽപ്പെടും.<br>സ്പെഷ്യലിസ്റ്റുകളും സൂപ്രണ്ട് പോലുള്ള ഭരണനിർവഹണ തസ്തികകളും ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവീസസിൽ ഉൾപ്പെടും.<br>മെഡിക്കൽ കോളേജുകളിലുള്ളവർ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ കേഡറിലുണ്ടാവുക. |
| (സി) | സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച പരാതി പരിഹരിക്കുവാൻ സ്ഥിരം സംവിധാനം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച പരാതി പരിഹരിക്കുവാൻ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടാക്കുവാൻ ആരോഗ്യ നയത്തിൽ നിർദ്ദേശമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുളള ഫാക്ടറി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | മെഡിക്കൽ ഉപകരണങ്ങളുടെയും സാമഗ്രികളുടെയും (Medical Devices and Equipments) നിർമ്മാണത്തിനായി മെഡിക്കൽ ഡിവൈസസ് ഉണ്ടാക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുന്നതിനു പ്രോത്സാഹനം നൽകുമെന്ന് സംസ്ഥാന ആരോഗ്യ നയത്തിൽ നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ